# മത്സ്യസഭ :

## രൂപീകരണവും

## പ്രവർത്തന സംവിധാനവും

(മത്സ്യമേഖലാ വർക്കിംഗ് ഗ്രൂപ്പിനുള്ള കൈപുസ്തകം)

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ - 680 581

**2012 ആഗസ്റ്റ്**

| | |
|---|---|
| **Matsya Sabha : Constitution and Operational Mechanism** | **മത്സ്യസഭ : രൂപീകരണവും പ്രവർത്തന സംവിധാനവും** |
| August 2012 | ആഗസ്റ്റ് 2012 |
| Chief Editor : | ചീഫ് എഡിറ്റർ : |
| **Dr. P. P. Balan** | **ഡോ. പി.പി. ബാലൻ** |
| Director, KILA | ഡയറക്ടർ, കില |
| Prepared by : | തയ്യാറാക്കിയവർ |
| **Dr. J. B. Rajan** | **ഡോ. ജെ. ബി. രാജൻ** |
| Course Director, KILA | കോഴ്സ് ഡയറക്ടർ, കില |
| **T.P. Haribabau** | **ടി.പി. ഹരിബാബു** |
| Extension Faculty, KILA | എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില |
| Support : | സഹായം: |
| **Dharsini** | **ദർശിനി** |
| Programme Associates | പ്രോഗ്രാം അസോസിയേറ്റ് |
| **U.V. Baburaj** | **യു. വി. ബാബുരാജ്** |
| Training Cordinator | ട്രെയിനിംഗ് കോ-ഓഡിനേറ്റർ |
| Published by | പ്രസാദനം : |
| KILA | കില |
| Mulamkunnathukavu, | മുളങ്കുന്നത്തുകാവ്, |
| Thrissur – 680581 | തൃശൂർ 680581 |
| Phone: 0487-2201768, | ഫോൺ : 0487-2201768, |
| 2200244 (Office) | 2200244 (ഓഫീസ്) |
| 0487-2201312 (Director) | 0487-2201312(ഡയറക്ടർ) |
| 0487-2201062 (Fax) | 0487-2201062 (ഫാക്സ്) |
| e-mail: mail@kilaonline.org | ഇ-മെയിൽ : mail@kilaonline.org |
| Website : www.kilaonline.org | വെബ്സൈറ്റ്: www.kilaonline.org |
| Printed at | അച്ചടി |
| Co-operative Press, Mulamkunnathukavu | കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് |
| Ph: 0487-2200391 | ഫോൺ : 0487-2200391 |


# മുഖവുര

**പ**ന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-2017) കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനായി സംസ്ഥാന സർക്കാർ അംഗീകരിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ 168/12/ത.സ്വ.ഭ.വ തീരുവനന്തപുരം, തീയതി 15/6/2012) സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടി പാർശ്വവൽക്കരിക്കപ്പെട്ടവരെ പ്രത്യേകം പരിഗണിക്കണമെന്ന് വിവക്ഷിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്കായി ഊരുകൂട്ടം മാതൃകയിൽ മത്സ്യസഭകൾ സംഘടിപ്പിക്കണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു. ഇത്തരുണത്തിൽ തീരദേശ ഗ്രാമപഞ്ചായത്തുകളിലെ മത്സ്യമേഖല വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ, കൺവീനർ എന്നിവർക്കായി ദ്വിദിന പരിശീലനം കില സംഘടിപ്പിക്കുന്നുണ്ട്. മത്സ്യഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മത്സ്യസഭ സംഘടിപ്പിക്കേണ്ടതുണ്ട്. മത്സ്യസഭയുടെ രൂപീകരണ സംഘാടന സംവിധാനം എന്നിവ ലളിതമായി വിവരിക്കുകയാണ് ഈ കൈപ്പുസ്തകം. തീരദേശ തദ്ദേശഭരണ സ്ഥാപനങ്ങളിൽ മത്സ്യസഭയുടെ സംഘാടനത്തിന് ഈ കൈപുസ്തകം ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മുളങ്കുന്നത്തുകാവ്, തൃശൂർ
30-7-2012

**ഡോ.പി.പി. ബാലൻ**
**ഡയറക്ടർ**

# ഉള്ളടക്കം


1. ആമുഖം
2. മത്സ്യസഭ - ഉദ്ദേശ്യം
3. അതിർത്തി
4. അംഗത്വ യോഗ്യത
5. മത്സ്യസഭയുടെ അവകാശങ്ങളും കടമകളും
6. യോഗങ്ങൾ
7. ഉത്തരവാദിത്തം
    - 7.1. ചെയർപേഴ്സന്റെ ഉത്തരവാദിത്തം
    - 7.2. കൺവീനറുടെ ഉത്തവരാദിത്തം
    - 7.3. മത്സ്യഭവന്റെ ഉത്തരവാദിത്തം
8. മത്സ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്
9. വികസന സമീപനവും പ്രോജക്ടുകളും
    - 9.1. സമീപനം
    - 9.2. പ്രോജക്ടുകൾ - മേഖലാ തരംതിരിവ്
        - 9.2.1. ഉൽപ്പാദന മേഖല
        - 9.2.2. പശ്ചാത്തല മേഖല
        - 9.2.3. സേവന മേഖല

## 1. ആമുഖം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ (2012-2017) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ആസൂത്രണ മാർഗ്ഗരേഖ[1] മുൻഗണന നൽകുന്ന 7 കാര്യങ്ങളിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശം ശ്രദ്ധേയമാണ്. സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ മുഴുവൻ വിഭാഗങ്ങൾക്കും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത തൊഴിൽമേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർ) മുൻഗണന നൽകണമെന്ന് ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. പങ്കാളിത്ത ആസൂത്രണത്തിലൂടെ സമഗ്ര വികസനമാണ് ആസൂത്രണ മാർഗ്ഗരേഖയുടെ പൊതു സമീപനം. ആയതിലേക്ക് വ്യത്യസ്ഥ വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം പ്രാദേശികാസൂത്രണത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്.

ജനപങ്കാളിത്തം സാധ്യമാകുകയെന്ന ലക്ഷ്യത്തോടുകൂടി ഗ്രാമ/വാർഡ്സഭകളുടെ ശാക്തീകരണത്തിനുള്ള നിർദ്ദേശങ്ങൾ ആസൂത്രണ മാർഗ്ഗരേഖ മുന്നോട്ടുവയ്ക്കുന്നു. ഗ്രാമ/വാർഡ്സഭാ ശാക്തീകരണത്തിന് നിദാനമായി അയൽസഭകളും, പാർശ്വവൽകൃത വിഭാഗങ്ങളായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി മത്സ്യസഭയും ആദിവാസികൾക്കായി ഊരുകൂട്ടവും ആസൂത്രണ മാർഗ്ഗരേഖ പ്രകാരം സംഘടിപ്പിക്കേണ്ടതുണ്ട്. മത്സ്യവകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങൾ[2] ഉള്ള വാർഡുകളിലാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി മത്സ്യസഭകൾ സംഘടിപ്പിക്കേണ്ടത്. മത്സ്യസഭയുടെ രൂപീകരണവും പ്രവർത്തന സംവിധാനവും സംബന്ധിച്ചാണ് ഈ ലഘുകൈപ്പുസ്തകം പ്രതിപാദിക്കുന്നത്.

## 2. മത്സ്യസഭ – ഉദ്ദേശ്യം

പ്രത്യക്ഷ ജനാധിപത്യം ഉറപ്പുവരുത്തുന്ന ഗ്രാമ/വാർഡ്സഭകളിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം വിവിധ കാരണങ്ങളാൽ സജീവമല്ല. ഇത് പരിഹരിക്കാൻ ഗ്രാമസഭകൾക്ക് മുന്നോടിയായി മത്സ്യസഭകൾ സംഘടിപ്പിക്കണം. പ്രാദേശികാസൂത്രണത്തിൽ മത്സ്യത്തൊഴിലാളികളുടെ സൃഷ്ടിപരവും ക്രിയാത്മകവുമായ പങ്കാളിത്തം ഉറപ്പാക്കുകയാണ് മത്സ്യസഭയുടെ ഉദ്ദേശ്യം. അതുവഴി ലഭ്യമായ വിഭവങ്ങളുടേയും ഫണ്ടിന്റേയും സംവിധാനങ്ങളുടേയും വിനിയോഗം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും.

---

[1] സ.ഉ.(എം.എസ്) നമ്പർ 168/12/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി 15/6/2012.

[2] കടൽ മേഖലയിൽ 222 ഉം ഉൾനാടൻ മേഖലയിൽ 113 ഉം മത്സ്യഗ്രാമങ്ങളാണുള്ളത്.

**3. അതിർത്തി**

തീരദേശ വാർഡാണ് മത്സ്യസഭയുടെ അതിർത്തി. ഓരോ തീരദേശ വാർഡിലും ഒരു മത്സ്യസഭ എന്ന രീതിയിലാണ് രൂപീകരിക്കേണ്ടത്.

**4. അംഗത്വ യോഗ്യത**

പരമ്പരാഗത മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന അംഗങ്ങൾ (അതായത്, കർമ്മോന്മുഖ/അനുബന്ധ മത്സ്യത്തൊഴിലാളികൾ) ഉള്ള കുടുംബങ്ങൾക്ക് മാത്രമാണ് അംഗത്വയോഗ്യതയുള്ളത്. കുടുംബത്തിലെ ഒരംഗമെങ്കിലും കർമ്മോന്മുഖ/അനുബന്ധ മത്സ്യത്തൊഴിലാളി ആയിരിക്കണം. അങ്ങനെയുള്ള കുടുംബങ്ങളിലെ ഓരോ വാർഡിലേയും വോട്ടർപട്ടികയിൽ പേരുള്ള കുടുംബാംഗങ്ങൾക്ക് മത്സ്യസഭയിൽ പങ്കെടുക്കുവാനുള്ള യോഗ്യതയുണ്ട്.

**5. മത്സ്യസഭയുടെ അവകാശങ്ങളും കടമകളും**

(i) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അവരുടെ പുരോഗതിയെ മുൻനിർത്തിയുള്ള വികസന പ്രവർത്തനങ്ങളും ആവശ്യങ്ങളും മത്സ്യസഭയിൽ ഉന്നയിക്കുക.

(ii) മത്സ്യ ആവാസവ്യവസ്ഥയുടെ പരിപാലനത്തിനുള്ള പരിപാടികൾ നിർദ്ദേശിക്കുക.

(iii) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവസ്ഥ വസ്തുനിഷ്ഠമായി വിലയിരുത്തുക.

(iv) മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കുക.

(v) മത്സ്യമേഖലാ നിർവ്വഹണ ഉദ്യോഗസ്ഥ/ൻ തയ്യാറാക്കി അവതരിപ്പിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക പരിശോധിക്കുകയും അംഗീകരിക്കുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുക.

(vi) കർമ്മോന്മുഖ/അനുബന്ധ മത്സ്യത്തൊഴിലാളികളുടെ പട്ടികയുടെ നിജസ്ഥിതി വിലയിരുത്തി അംഗീകരിക്കുക. അർഹരായ മത്സ്യത്തൊഴിലാളികളെ ഒഴിവാക്കലോ, ആവർത്തിക്കലോ ഇല്ലാതെ, അതുമായി ബന്ധപ്പെട്ട ഔദ്യോഗിക ഏജൻസികൾ (കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്) സൂക്ഷിക്കുന്ന പട്ടിക അന്തിമമാക്കുക.

(vii) മത്സ്യമേഖലയിലെ വിവിധ പദ്ധതികളുടേയും സ്കീമുകളുടേയും സേവനങ്ങളുടേയും ഫലപ്രദമായ വിലയിരുത്തലും നിശ്ചിത കാലയളവിനുള്ളിൽ സോഷ്യൽ ഓഡിറ്റും നടത്തുക.

**6. യോഗങ്ങൾ**

(i) ഗ്രാമസഭ/വാർഡ്സഭാ യോഗങ്ങൾക്ക് മുമ്പായിട്ടാണ് മത്സ്യസഭാ യോഗം സംഘടിപ്പിക്കേണ്ടത്. മത്സ്യസഭയിൽ ഉരുത്തിരിയുന്ന കാര്യങ്ങൾക്ക് ഗ്രാമ/വാർഡ്സഭയിൽ അർഹമായ പരിഗണന ലഭിക്കുന്നുണ്ടെന്ന് ചെയർപേഴ്സൺ/കൺവീനർ ഉറപ്പുവരുത്തേണ്ടതാണ്.



(ii) ജനാധിപത്യ പങ്കാളിത്ത രീതിയിലായിരിക്കണം മത്സ്യസഭയുടെ പ്രവർത്തനം. ഏറ്റവുമധികം മത്സ്യത്തൊഴിലാളികളുടെ പ്രാതിനിധ്യം യോഗത്തിൽ കൺവീനർ ഉറപ്പുവരുത്തണം. മത്സ്യഭവൻ ഉദ്യോഗസ്ഥരുടെ സജീവ പങ്കാളിത്തവും ഉണ്ടായിരിക്കണം.

(iii) മത്സ്യസഭാ യോഗ നോട്ടീസ് (കാര്യപരിപാടി സഹിതം) അഞ്ചുദിവസം മുമ്പായി നൽകേണ്ടതാണ്.

(iv) മത്സ്യതൊഴിലാളികൾക്ക് സൗകര്യപ്രദമായ സമയത്താകണം മത്സ്യസഭായോഗം സംഘടിപ്പിക്കേണ്ടത്. ആയതിലേക്ക് പ്രാദേശിക പ്രത്യേകതകളും മത്സ്യബന്ധന സീസണും പരിഗണിക്കണം.

(v) അടിയന്തിര സാഹചര്യങ്ങളിൽ (പ്രകൃതിക്ഷോഭം/ക്രമസമാധാന തകർച്ച മുതലായവ) അടിയന്തിര യോഗം ചെയർപേഴ്സൺ വിളിക്കേണ്ടതാണ്.

(vi) ആകെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ 51 ശതമാനം കുടുംബങ്ങളാണ് മത്സ്യസഭാ യോഗത്തിന്റെ ക്വാറം.

(vii) ഫലപ്രദമായ ആസൂത്രണണ പ്രവർത്തനങ്ങളുടെ സംയോജനത്തിത്തിന് മത്സ്യമേഖലയിലെ മൂന്ന് സർക്കാർ ഉദ്യോഗസ്ഥരുടേയും (മത്സ്യവകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമിനിധി ബോർഡ്) പ്രാതിനിധ്യം മത്സ്യസഭയിൽ ഉറപ്പുവരുത്തേണ്ടതാണ്.

(viii) മത്സ്യത്തൊഴിലാളികളുടെ എണ്ണം ഗണ്യമായി കൂടുതലുള്ള മത്സ്യസഭകളുടെ യോഗത്തിൽ ചെറുഗ്രൂപ്പുകളായി ചർച്ച ചെയ്യുവാനുള്ള സംവിധാനം ഒരുക്കണം.

(ix) മത്സ്യഭവൻ പരിസരത്തോ തീരപ്രദേശത്ത് സൗകര്യമുള്ള പൊതുസ്ഥാപനത്തിലോ/പൊതുസ്ഥലങ്ങളിലോ മത്സ്യസഭാ യോഗം കൂടാവുന്നതാണ്.

**7. ഉത്തരവാദിത്തം**

**7.1. ചെയർപേഴ്സന്റെ ഉത്തരവാദിത്തം**

(i) വാർഡ് മെമ്പർ/ കൗൺസിലർ ആയിരിക്കും മത്സ്യസഭയുടെ ചെയർപേഴ്സൺ

(ii) ചെയർപേഴ്സൺ (വാർഡ് മെമ്പർ/കൗൺസിലർ) കൺവീനറെ തീയതി, സമയം, യോഗസ്ഥലം, മത്സ്യസഭയുടെ അജണ്ട എന്നിവ അറിയിക്കണം.

(iii) ചെയർപേഴ്സൺ മത്സ്യസഭാ യോഗത്തിന്റെ അദ്ധ്യക്ഷം വഹിക്കേണ്ടതും, യോഗകാര്യങ്ങൾ രേഖയാക്കുന്നതും, സൂക്ഷിക്കുന്നതും ഉറപ്പുവരുത്തേണ്ടതുമാണ്.

(iv) കൺവീനർ നിയുക്ത കർത്തവ്യങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് ചെയർപേഴ്സൺ ഉറപ്പുവരുത്തണം.

(v) മത്സ്യമേഖലയിലെ ത്രയങ്ങളായ മത്സ്യവകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ മൂന്ന് ഏജൻസികളിലേയും ഉദ്യോഗസ്ഥരുടെ മത്സ്യസഭാ യോഗത്തിലെ പങ്കാളിത്തം ചെയർപേഴ്സൺ ഉറപ്പുവരുത്തണം.

**7.2. കൺവീനറുടെ ഉത്തരവാദിത്തം**

(i) മത്സ്യമേഖലാ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരിക്കും മത്സ്യസഭയുടെ കൺവീനർ (ഒരു വാർഡിൽ ഒന്നിൽ കൂടുതൽ മത്സ്യഗ്രാമങ്ങൾ ഉൾക്കൊള്ളുന്നപക്ഷം, അവയിൽ ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികൾ ഉള്ള മത്സ്യഗ്രാമത്തിന്റെ ഉദ്യോഗസ്ഥനാണ് കൺവീനർ).

(ii) മത്സ്യസഭാ യോഗം യഥാസമയത്ത് നടത്തേണ്ട ഉത്തരവാദിത്തം കൺവീനർക്കാണ്. യോഗക്രമങ്ങൾ ഫലപ്രദമായരീതിയിൽ നിർവ്വഹിക്കേണ്ടത് കൺവീനറാണ്.

(iii) കൺവീനർ മത്സ്യസഭയുടെ ചെയർപേഴ്സണുമായി കൂടിയാലോചിച്ചാണ് മത്സ്യസഭായോഗം നടത്തേണ്ടത്.

(iv) മത്സ്യസഭാ യോഗത്തിന്റെ നോട്ടീസ് കൺവീനർ തയ്യാറാക്കി അംഗങ്ങൾക്ക് നൽകണം

(v) മത്സ്യസഭാ ഹാജരും, യോഗത്തിന്റെ മിനിട്സും കൺവീനർ രേഖപ്പെടുത്തണം.

(vi) മത്സ്യഭവന്റെ പ്രവർത്തനരീതി, അതിൽ മൂന്ന് ഏജൻസികളിലേയും ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം, അവരുടെ ഓരോരുത്തരുടേയും ചുമതലയിലുള്ള സ്കീമുകൾ എന്നിവ കൺവീനർ വിശദീകരിക്കണം.

(vii) കൺവീനർ ആ വാർഡിലുള്ള കർമ്മോന്മുഖ/അനുബന്ധ മത്സ്യത്തൊഴിലാളികളുടെ പട്ടിക മത്സ്യസഭയിൽ റിപ്പോർട്ട് ചെയ്യണം.

(viii) മത്സ്യമേഖലയിൽ നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ മത്സ്യസഭയിൽ കൺവീനർ ചർച്ചാവിധേയമാക്കണം.

(ix) മത്സ്യസഭയുടെ നിർദ്ദേശങ്ങൾ തുടർന്ന് നടക്കുന്ന ഗ്രാമസഭയിൽ കൺവീനർ റിപ്പോർട്ട് ചെയ്യണം.

(x) വിവരവ്യൂഹാടിസ്ഥിത ആസൂത്രണത്തിന് കൺവീനർ മുൻകൈ എടുക്കണം. ആയതിലേക്ക് ലഭ്യമായ ദ്വിതീയ വിവരങ്ങളും ദ്രുതവിശകലന രീതിയിലൂടെ (RRA)[3] സമാഹരിക്കുന്ന വിവരങ്ങളും കൺവീനർ മത്സ്യസഭയിൽ അവതരിപ്പിച്ച് ചർച്ചാവിധേയമാക്കണം.

**7.3. മത്സ്യഭവന്റെ ഉത്തരവാദിത്തം**

മത്സ്യവകുപ്പ്, മത്സ്യഫെഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KFWFB) എന്നീ മൂന്ന് ഏജൻസികളുടെ ഗ്രാമതല പ്രവർത്തനങ്ങൾ ഒരു മേൽക്കൂരക്കുകീഴിൽ കൊണ്ടുവന്ന് മത്സ്യഭവന് രൂപം നൽകിയത് ഒരു ഏകജാലക ഏജൻസിയായി പ്രവർത്തിക്കണമെന്ന ഉദ്ദേശ്യത്തോടെ ആയിരുന്നു. മത്സ്യസഭയുടെ കാര്യക്ഷമമായ പ്രവർത്തനത്തിൽ മത്സ്യഭവന് പ്രധാനപ്പെട്ട ഉത്തരവാദിത്തമാണുള്ളത്. മൂന്ന് ഏജൻസികളുടേയും സജീവ പങ്കാളിത്തം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകണം. വിഭാവന ചെയ്ത രീതിയിൽ മത്സ്യഭവൻ ഏകജാലക ഏജൻസിയായി പ്രവർത്തിക്കണം. മത്സ്യഭവന്റെ പ്രധാന ഉത്തരവാദിത്തം താഴെപ്പറയുന്നവയാണ്.

(i) മത്സ്യമേഖലാ വർക്കിംഗ് ഗ്രൂപ്പിൽ മത്സ്യസഭാ നിർദ്ദേശങ്ങൾ ചർച്ചാവിധേയമാക്കുക, ചർച്ചയ്ക്ക് നിദാനമായ വിവരങ്ങൾ നൽകുക.

(ii) മത്സ്യസഭയുടെ പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ളവയാണെന്ന് ഉറപ്പുവരുത്തുക.

(iii) പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് സാങ്കേതിക ഉപദേശം നൽകുക.

(iv) മത്സ്യസഭയിൽ മാർഗ്ഗനിർദ്ദേശകരായ പ്രതിനിധികൾ എന്ന നിലയിൽ മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ സജീവ പരിഗണന ഉറപ്പുവരുത്തുക.

(v) മത്സ്യസഭയിലെ നിർദ്ദേശങ്ങൾ ഗ്രാമ/വാർഡ്സഭയിൽ ഉന്നയിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

**8. മത്സ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്**

മത്സ്യസഭയുമായി ബന്ധപ്പെട്ട് ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഉറപ്പുവരുത്തേണ്ടത് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മത്സ്യമേഖലാവർക്കിംഗ് ഗ്രൂപ്പാണ്. മത്സ്യത്തൊഴിലാളി പ്രതിനിധികളെയും സർക്കാർ ഏജൻസികളെയും അക്കാദമിക സ്ഥാപന പ്രതിനിധികളെയും ഏകോപിപ്പിച്ച് ശാസ്ത്രീയമായ ആസൂത്രണത്തിലൂടെ പ്രവർത്തിക്കുന്ന രീതിയിലാണ് വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണം. പരമ്പരാഗതമായ അറിവുകൾ, ശാസ്ത്രീയ വസ്തുതകൾ, ആസൂത്രണത്തിൽ പ്രാവീണ്യം, സ്ത്രീ-പുരുഷ സന്തുലനം എന്നിവ അടിസ്ഥാനമാക്കി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകണം. ആശയങ്ങളുടെയും, അനുഭവങ്ങളുടെയും പ്രാദേശികമായ അറിവുകളുടേയും രീതികളുടേയും കൈമാറ്റം വർക്കിംഗ് ഗ്രൂപ്പിൽ നടക്കണം. ആസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് ചുവടെ പറയുന്ന കാര്യങ്ങളിലാണ്.

**(i) സ്ഥിതിവിവരക്കണക്കുകൾ**

മത്സ്യമേഖലയിൽ പ്രാദേശികാസൂത്രണത്തിനാവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം ഉണ്ട്. അതുകൊണ്ട് പ്രാദേശിക പങ്കാളിത്തത്തോടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നതിൽ മുൻഗണന നൽകണം. വസ്തുനിഷ്ഠമായ വിവരശേഖരണത്തിന് ലഭ്യമായ ദ്വിതീയ വിവരങ്ങൾ ക്രോഡീകരിക്കുന്നതുകൂടാതെ ദ്രുതഗ്രാമവിശകലന ഉപാധികളും (RRA Tools) അവലംബിക്കാവുന്നതാണ്. മത്സ്യവകുപ്പ് പ്രസിദ്ധീകരിച്ചുവരുന്ന പാൻ ഫിഷ് (PAN

[3] Rapid Rural Appraisal (ദ്രുത ഗ്രാമ വിശകലനം)

FISH) ബുക്കിലെ വിവരങ്ങൾ മത്സ്യസഭയിൽ ചർച്ചാവിധേയമാക്കണം; പ്രാദേ ശികാസൂത്രണത്തിന് നിദാനമായ കൂടുതൽ വിവരങ്ങൾ ഉൾച്ചേർക്കണം.

**(ii) സന്തുലന വീക്ഷണവും പദ്ധതികളും**

മത്സ്യമേഖലാ പദ്ധതികൾക്ക്, വിവിധ ഘടകങ്ങളുടേയും വശങ്ങളുടേയും ഏകോപിപ്പിക്കൽ ആവശ്യമാണ്. മത്സ്യബന്ധനം ഒരേസമയം പരമ്പരാഗത വും ആധുനിക വിവര സാങ്കേതികതകൾ അടിസ്ഥാനമാക്കിയുള്ളതും ആണ്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനേക്കാൾ, ചൂഷണം ചെയ്യുന്നതിലാണ് ഇതു വരെ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ആയതിനാൽ വിഭവപരിപാലന-ചൂഷണ സന്തുലനത്തിന് ഊന്നൽ നൽകണം. അതുപോലെ വ്യക്തിഗത-സ മൂഹ പദ്ധതി സന്തുലനവും ഉറപ്പുവരുത്തണം.

**(iii) പദ്ധതി വിലയിരുത്തൽ**

പദ്ധതിയുടെ വസ്തുനിഷ്ഠമായ വിലയിരുത്തൽ അതിന്റെ ഗുണമേന്മ ഉറ പ്പുവരുത്തും. സുതാര്യവും സൃഷ്ടിപരവുമായ വിശകലനം മത്സ്യമേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ ഉത്തരവാദിത്തമാണ്.

**മത്സ്യമേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദിഷ്ട ഘടന**

| | | |
|---|---|---|
| 1. | തീരദേശ വാർഡിലെ ജനപ്രതിനിധി | ചെയർപേഴ്സൺ |
| 2. | മത്സ്യവകുപ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ | കൺവീനർ |
| 3. | കേരള ഫണ്ട് ക്ഷേമ ബോർഡ് ഉദ്യോഗസ്ഥൻ | 1 |
| 4. | മത്സ്യഫെഡ് പ്രോജക്ട് ഓഫീസർ | 1 |
| 5. | ഫിഷറീസ് സഹകരണ സംഘം പ്രതിനിധി | 1 |
| 6. | കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ (പുരുഷന്മാർ) | 3 |
| 7. | കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ (സ്ത്രീ) | 1 |
| 8. | അനുബന്ധ മത്സ്യത്തൊഴിലാളി | 1 |
| 9. | ജീവശാസ്ത്ര വിദഗ്ദ്ധ/ൻ | 1 |
| 10. | തീരദേശ മാനേജ്മെന്റ് വിദഗ്ദ്ധ/ൻ | 1 |
| 11. | സന്നദ്ധ സംഘടനാ പ്രതിനിധി | 1 |
| 12. | കുടുംബശ്രീ പ്രതിനിധി | 1 |
| 13. | സാമൂഹ്യ സാമ്പത്തിക വിദഗ്ദ്ധ/ൻ | 1 |

## 9. വികസന സമീപനവും പ്രോജക്ടുകളും

### 9.1. വികസന സമീപനം

മത്സ്യമേഖലയിൽ വികസന പ്രവർത്തനങ്ങളുടെ ആവിഷ്ക്കരണത്തിൽ സ്വീക രിക്കേണ്ട സമീപനം ചുവടെപ്പറയുന്നു. ഈ സമീപനങ്ങളിലൂന്നി മത്സ്യസഭയിൽ ചർച്ച നയിക്കാൻ ചെയർപേഴ്സണും കൺവീനറും ശ്രദ്ധിക്കേണ്ടതാണ്.

**(i) ആവാസവ്യവസ്ഥാ സമീപനം**

മൊത്തത്തിലുള്ള പുരോഗതിയും സ്ഥായിയായ നിലനിൽപ്പും ഉൾക്കൊണ്ടു കൊണ്ടുള്ള ആവാസവ്യവസ്ഥാ സമീപനമാണ് (Eco-system Approach) മത്സ്യ മേഖലയിൽ സ്വീകരിക്കേണ്ടത്.



**(ii) പദ്ധതി സന്തുലനം**

മത്സ്യസമ്പത്തിന്റെ പരിപാലനത്തിനും ചൂഷണത്തിനും സന്തുലനം ഉറപ്പു വരുത്തുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം നിർവ്വഹിക്കേണ്ടത്. അതു വഴി നശിച്ചുകൊണ്ടിരിക്കുന്ന മത്സ്യസമ്പത്തിന്റെ സ്ഥായിയായ നിലനിൽപ്പ് ഉറപ്പുവരുത്താൻ സാധിക്കും.

**(iii) ഗുണഭോക്താക്കളുടെ സന്തുലനം**

വ്യക്തിഗത ഗുണഭോക്താക്കളെ മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ എന്ന സമീപനത്തിന് മാറ്റം വരണം. വ്യക്തികൾക്കും സമൂഹ ത്തിന് മൊത്തമായും ഉപയോഗപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. വ്യക്തി-സമൂഹ സന്തുലനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക വഴി, വ്യക്തി കളെ അവഗണിക്കാതെ, സമൂഹത്തിന് ഉപകാരപ്രദമായ പദ്ധതികൾ ഉറപ്പുവ രുത്താനാകും.

**(iv) മത്സ്യത്തൊഴിലാളി കേന്ദ്രീകൃതം**

മത്സ്യമേഖലയിലെ പദ്ധതികൾ മത്സ്യോൽപ്പാദന കേന്ദ്രീകൃതം എന്നതി നുപകരം മത്സ്യത്തൊഴിലാളി കേന്ദ്രീകൃതമാകണം. ആയതിനാൽ മത്സ്യഗ്രാമം ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ഉൽപ്പാദന, സേവന, പശ്ചാത്തലമേഖലക ളിലെ പ്രവർത്തനങ്ങൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതനില വാരവും സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതരത്തിലാകണം.

### 9.2. പ്രോജക്ടുകൾ - മേഖലാ തരംതിരിവ്

ഉൽപ്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലായിട്ടാണല്ലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ തരംതിരിക്കേണ്ടത്. മത്സ്യത്തൊഴിലാളി കേന്ദ്രീകൃത സമീപനം പരിഗണിക്കുമ്പോൾ ഉൽപ്പാദന മേഖലയിൽ മാത്രമല്ല, പശ്ചാത്തല-സേവന മേഖലകളിലും പരമ്പരാഗത മത്സ്യ ത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരി ക്കണം. പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുള്ള ഫോറം അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു. ഇത്തരുണത്തിൽ ഈ മൂന്ന് മേഖലകളിൽ പരിഗ ണിക്കാവുന്ന പ്രോജക്ടുകൾ ചുവടെ കൊടുക്കുന്നു.

#### 9.2.1. ഉൽപ്പാദന മേഖല

മത്സ്യവിഭവ സംരക്ഷണം - പരിപാലനത്തിനുതകുന്ന ഉൽപ്പാദനരീതി കൾക്കും തൊഴിൽ വൈദഗ്ദധ്യത്തിനും ഉൽപ്പാദനമേഖലയിൽ പ്രാമുഖ്യം നൽകണം.

- കൃത്രിമ ആവാസവ്യവസ്ഥ നിർമ്മാണം - പാരുകൾ, സങ്കേതങ്ങൾ
- കണ്ടൽക്കാടുകൾ പുനരുജ്ജീവനം - വ്യാപനം
- ഉൽപ്പാദനോപാധികളായ ചെറുവഞ്ചി, ഗിൽ നെറ്റ്, വീശുവല മുതലാ യവ ലഭ്യമാക്കൽ
- ചെറുകിട ഉൽപ്പാദന സംരംഭങ്ങളിലൂടെ - മത്സ്യങ്ങളുടെ മൂല്യവർദ്ധന

- മത്സ്യോൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം
- പുതിയ ജലകൃഷി സാദ്ധ്യതകൾ - കല്ലുമ്മക്കായ്, മുരിങ്ങ, ഞണ്ട്, ചിപ്പി, ലുങ്കൾച്ചർ, കടൽപ്പായൽ എന്നിവ
- ഓരുജല-ശുദ്ധജല കൃഷിവ്യാപനം - വീട്ടുവളപ്പിൽ കൃഷിക്കു മുൻഗണന
- തുറന്ന ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ
- മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ
- മത്സ്യബന്ധന യാനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ (LPG/ഡീസൽ മുതലായവ)
- മത്സ്യവിഭവ-മത്സ്യത്തൊഴിലാളി അവസ്ഥാ പഠനങ്ങൾ, മത്സ്യവിഭവ ഭൂപടം തയ്യാറാക്കൽ
- കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
- ചെറുകിട ശീതീകരണ സൗകര്യങ്ങൾ (സഞ്ചരിക്കുന്നതുൾപ്പെടെ)
- സൂക്ഷിപ്പ് കേന്ദ്രങ്ങൾ/ശീതീകരണ കേന്ദ്രങ്ങൾ
- വിപണനശൃംഖല (നഗര-ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്നവ)

**9.2.2. പശ്ചാത്തല മേഖല**

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതചുറ്റുപാടുകൾ മെച്ചപ്പെടുത്തുന്നതിന് പശ്ചാത്തലമേഖലയിൽ മുൻതൂക്കം നൽകണം.

- ശുചിത്വ സംവിധാനമുള്ള കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ
- കടൽത്തീര സംരക്ഷണം
- – ജൈവ കടൽഭിത്തി
- തീരദേശ നടപ്പാതകൾ; ഓവുകൾ

**9.2.3. സേവന മേഖല**

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക ജീവിതരീതി മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സേവനമേഖലയിൽ മുൻതൂക്കം നൽകണം.

- വ്യക്തിഗത ഭവന പദ്ധതികളേക്കാൾ ഭവനസമുച്ചയത്തിന് (Housing Cluster) മുൻതൂക്കം നൽകണം
- കടൽ-ഉൾനാടൻ തീരപ്രദേശത്തിന്റേയും മത്സ്യബന്ധനത്തിന്റേയും പ്രത്യേകതകൾ കണക്കിലെടുത്ത് അനുയോജ്യവും ചിലവു കുറഞ്ഞതുമായ ഭവന പദ്ധതി ആസൂത്രണം ചെയ്യണം.
- സമ്പൂർണ്ണ പുനരധിവാസം - ഭൂരഹിതർക്കു മുൻഗണനയുള്ള പാർപ്പിട സമുച്ചയം



- കുടിവെള്ളം
- – മഴവെള്ള സംഭരണി (സാമൂഹികം, വ്യക്തിഗതം)
- – പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ പുനരുദ്ധാരണം, സംരക്ഷണം
- കടൽ-ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് തീരദേശ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി അദ്ധ്യാപകരുടെ കൂട്ടായ്മയും (Teacher's Guild), കുട്ടികളുടെ സഭയും (Children's Assembly) രൂപീകരിക്കണം.
- തീരമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് പൂരക വിദ്യാഭ്യാസ പദ്ധതികൾ രൂപപ്പെടുത്തൽ.
- ഊർജ്ജം
- – സമ്പൂർണ്ണ ഭവന വൈദ്യുതീകരണം
- – ബയോഗ്യാസ് സംസ്കരണ സ്ഥാപനങ്ങളിൽ, കോളനികളിൽ, കരക്കടുപ്പിക്കൽ കേന്ദ്രങ്ങളിൽ
- – ക്ഷമത കൂടിയ വിറകടുപ്പ് വ്യാപനം
- കാലവർഷക്കെടുതി, കടൽ അപകടങ്ങൾ, മറ്റ് പ്രകൃതിദുരന്തങ്ങൾ എന്നിവക്കുള്ള ദുരന്തവിമുക്തി, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംയോജിത പദ്ധതികൾ തയ്യാറാക്കി നടപ്പാക്കണം (കേന്ദ്ര-സംസ്ഥാന-ത്രിതല പഞ്ചായത്തുകൾ).
- എല്ലാ തുറന്ന കക്കൂസുകളും നീക്കി സുരക്ഷിത കക്കൂസുകൾ സ്ഥാപിക്കൽ, സംസ്കരണശാലകളോട് ചേർന്ന് കമ്മ്യൂണിറ്റി ടോയ്‌ലറ്റുകൾ സ്ഥാപിക്കൽ എന്നിവക്ക് മുൻഗണന.
- വ്യക്തിഗത പാർപ്പിട ശുചിത്വ സൗകര്യങ്ങൾ
- ഫിഷറീസ് ഡിസ്പെൻസറികളിലെ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
- തീരദേശ സ്കൂളുകൾ, പി.എച്ച്.സി.കൾ, അംഗൻവാടി തുടങ്ങിയവയുടെ സേവനഗുണമേന്മ മെച്ചപ്പെടുത്തൽ, വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ, ജലവിതരണം, ലൈബ്രറികൾ ശക്തിപ്പെടുത്തൽ, കളിസ്ഥലങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് പ്രത്യേക മുൻഗണന.

## അനുബന്ധം – 1

## മത്സ്യമേഖല : പ്രോജക്ട് നിർദ്ദേശങ്ങളുടെ രൂപീകരണം

| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ആവശ്യങ്ങൾ | ബാധിക്കുന്ന വിഭാഗം/പ്രദേശം | പരിഹാര സാധ്യതകൾ | പ്രോജക്ട് നിർദ്ദേശങ്ങൾ | മേഖല (P/I/S) | റിമാർക്സ്* |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

*P–ഉൽപ്പാദനമേഖല, I–പശ്ചാത്തലമേഖല, S–സേവനമേഖല